"ഭരണഭാഷ- മാതൃഭാഷ"

ഇ.എക്സ്. സി/2383/2016/എക്സ്.സി.5 എക്സൈസ് കമ്മീഷണറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി.08/08/2016

## സർക്കുലർ

വിഷയം : എം.&.റ്റി.പി – എസ്.പി (സി) റൂൾസ് നിയമാനുസൃതമല്ലാതെ – ഇംഗ്ലീഷ് മരുന്ന് വില്പനശാലകൾ, ഹൈപ്പർ/സൂപ്പർ മാർക്കറ്റുകൾ പലചരക്ക്, പെട്ടിക്കടകൾ എന്നിവിടങ്ങളിൽ അരിഷ്ടാസവങ്ങൾ വില്പന നടത്തുന്നത് – നടപടി സ്വീകരിക്കുന്നത് – സംബന്ധിച്ച്.

സൂചന :1) എക്സൈസ് കമ്മീഷണറുടെ 13/01/2016 -ാം തീയതിയിലെ എക്സ്.സി.5-5517/2013 നമ്പർ സർക്കുലർ.
2) ജി.ഒ (പി) 13/2015 നമ്പരായുള്ള 14/01/2015 ലെ സ്പിരിച്ച്വുവസ് പ്രിപ്പറേഷൻസ് (കൺട്രോൾ) റൂളിലെ ഭേദഗതി.
3) ഹെർബൽ മെഡിസിൻസ് റീട്ടെയിലേഴ്സ് അസോസിയേഷന്റെ 27/06/2016 ലെ നിവേദനം.

എം.&.റ്റി.പി, എസ്.പി(സി) റൂളുകളിൽ നിഷ്കർഷിക്കുന്ന ചട്ടങ്ങൾക്കു വിരുദ്ധമായി സംസ്ഥാനത്താകമാനം ലൈസൻസ് നിബന്ധനകൾക്കു വിരുദ്ധമായി എസ്.പി VII, എസ്.പി VI ലൈസൻസുകളോ, രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണറോ ഇല്ലാതെ ഇംഗ്ലീഷ് മരുന്നു വില്പനശാലകൾ / ഹൈപ്പർ/ സൂപ്പർ മാർക്കറ്റുകൾ/ പലചരക്ക്/ പെട്ടിക്കടകൾ എന്നിവിടങ്ങളിൽ അരിഷ്ടാസവങ്ങളുടെ വില്പന നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ആയത് സംബന്ധിച്ച് നിരവധി പരാതികൾ എക്സൈസ് കമ്മീഷണർക്ക് ലഭ്യമായിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ നിയമത്തിൽ അനുവദിക്കുന്ന തരത്തിലല്ലാതെ പ്രവർത്തിക്കുന്ന എൽ.2-ലൈസൻസികളെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കേണ്ടതും പൊതുസ്ഥലങ്ങളിൽ, ലൈസൻസികളുടെയോ, ഡോക്ടറുടെയോ സാന്നിദ്ധ്യമോ ഇല്ലാതെ അരിഷ്ടാസവങ്ങൾ വില്പന നടത്തുന്ന സ്ഥലങ്ങൾ കണ്ടെത്തി നിയമാനുസരണമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പരിശോധനവേളയിൽ എക്സൈസ് ഉദ്യോഗസ്ഥർ ലൈസൻസികൾക്കും, മെഡിക്കൽ പ്രാക്ടീഷണർമാർ ക്കും അനുവദിച്ചിട്ടുള്ള അവകാശങ്ങൾ നിർബന്ധമായും സംരക്ഷിക്കേണ്ടതും പരിശോധന നടത്തുമ്പോൾ പരാതിക്കിടനൽകാത്ത രീതിയിൽ മാന്യമായ പെരുമാറ്റ രീതി പാലിക്കേണ്ടതുമാണ്. മറിച്ചുള്ള ആക്ഷേപങ്ങൾ ഗൗരവപൂർവ്വം പരിഗണിച്ച് ഉദ്യോഗസ്ഥരുടെ വീഴ്ചയായികണ്ട് നടപടി സ്വീകരിക്കുന്നതുമാണ്. സർക്കുലറിലെ അന്തസത്ത കാത്ത് പരിശോധനകൾ നടത്തേണ്ടതാണ്.

ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അവരുടെ അധികാരപരിധിയിലുള്ള ഉപ കാര്യാലയങ്ങളിൽ ഈ സർക്കുലർ അയച്ചുകൊടുക്കേണ്ടതും നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്നത് നിരീക്ഷിക്കേണ്ടതുമാണ്. സർക്കുലർ കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതാണ്.

ഒപ്പ്/-
എക്സൈസ് കമ്മീഷണർ

To

1) അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്), തിരുവനന്തപുരം
2) ജോയിന്റ് എക്സൈസ് കമ്മീഷണർ (ഉത്തര / മദ്ധ്യ / ദക്ഷിണ മേഖലകൾ)
3) ജോയിന്റ് എക്സൈസ് കമ്മീഷണർ (ഇ.സിആർ.ബി /എ.പി.സി/ഇ.ഐ & ഐ.ബി /ഐ.എ.ഡബ്ല്യൂ)
4) പ്രിൻസിപ്പാൾ (SEARC), തൃശ്ശൂർ
5) വിജിലൻസ് ഓഫീസർ (എക്സൈസ്)
6) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
7) ഉത്തരവ് ഫയൽ / കരുതൽ ഫയൽ / ഓഫീസ് കോപ്പി

അംഗീകാരത്തോടെ

സൂപ്രണ്ട്

SI/10/8/S4